മിഷൻ 676 - ഉം പൊതുവിദ്യാഭ്യാസ വകുപ്പും

125 (1181) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ; അവ ഓരോന്നിനും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട് ; ബഡ്ജറ്റ് വിഹിതത്തിന് പുറമെയാണോ ഇത് ;

(ബി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ് ?

ഉത്തരം

(എ) ആദിവാസി മേഖലയിൽ അവശേഷിക്കുന്ന നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ആദിവാസി സാക്ഷരത-50 ലക്ഷം രൂപ അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിനുള്ള അക്ഷര ലക്ഷം രണ്ടാംഘട്ടം-125 ലക്ഷം രൂപ കുട്ടികളുടെ ഭാവി ജീവിതം സുരക്ഷിതമാക്കാനും അവരുടെ കഴിവുകളെ കണ്ടെത്തി ശരിയായ രീതിയിൽ മുന്നേറുന്നതിന് സഹായിക്കുവാനുള്ള ആശ്വാസ്-500 ലക്ഷം രൂപ കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള അതുല്യം രണ്ടാംഘട്ടം-100 ലക്ഷം രൂപ. ജി.വി. രാജ സ്പോർട്ട്സ് സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക-550 ലക്ഷം രൂപ, ഐ.റ്റി. സ്കൂൾ പ്രോജക്ടിലെ 14 ജില്ലാ റിസോഴ്സ് കേന്ദ്രങ്ങളെ ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ-ലേണിംഗ് സെന്ററാക്കി മാറ്റുക-240 ലക്ഷം രൂപ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിൽ എത്തിക്കുന്നതിന് വേണ്ടി വിദഗ്ധ പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക-1500 ലക്ഷം രൂപ എന്നിവയാണ് മിഷൻ 676 പ്രകാരം പൊതുവിദ്യാഭ്യാസ രംഗത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

ഹയർ സെക്കന്ററി/കോളേജ് വിദ്യാർത്ഥികൾക്കായി ASAP പദ്ധതി

126 (1182) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി/കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന ASAP പദ്ധതി ജില്ലയിൽ എത്ര സ്ഥാപനങ്ങളിലാണ് നടപ്പാക്കുന്നതെന്നും, ഇതിൽ വൈക്കം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly